# കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ നടപടിക്രമം

**(നിലവിൽ : ഡോ. ദിലീപ് കുമാർ എസ്. ആർ)**

വിഷയം:-കെ.എം.എസ്.സി.എൽ - വിവരാവകാശ നിയമം 2005- അപേക്ഷാ ഫീസ് , പകർപ്പുകൾ ലഭ്യമാക്കുന്നതിനുള്ള ഫീസ് സമർപ്പിക്കുന്നത് സംബന്ധിച്ച് ഉത്തരവാകുന്നു

---

**ഉത്തരവ് നമ്പർ: കെ.എം.എസ് .സി.എൽ/ADMN/1187/2016, തിരുവനന്തപുരം, തീയതി, 19.02.2018**

---

**പരാമർശം:-**

കേരളാ മെഡിക്കൽ സർവ്വീസ്സ് കോർപ്പറേഷൻ നാളിതുവരെ വിവരാവകാശനിയമം 2005 പ്രകാരം വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള അപേക്ഷാ ഫീസ്, പകർപ്പുകൾ ലഭ്യമാക്കുന്നതിനുള്ള ഫീസ് എന്നിവ പോസ്റ്റൽ ഓർഡറായി സ്വീകരിച്ചിരുന്നു.

എന്നാൽ കേരള വിവരാവകാശ (ഫീസിന്റെയും ചെലവിന്റെയും ക്രമീകരണം) ചട്ടങ്ങൾ, 2006 സെക്ഷൻ 3(2) പ്രകാരം ഒരു സർക്കാർ അംഗീകൃത പൊതുമേഖല സ്ഥാപനമായ കേരള മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷൻ പോസ്റ്റൽ ഓർഡർ അപേക്ഷാ ഫീസായി സ്വീകരിക്കുന്നത് അനുവദിക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വിവരാവകാശനിയമം, 2005 പ്രകാരം വിവരങ്ങൾ ലഭിക്കുന്നതിനായി അപേക്ഷാ ഫീസ്, പകർപ്പുകൾ ലഭ്യമാക്കുന്നതിനുള്ള ഫീസ് എന്നിവ താഴെപ്പറയുന്ന വിധത്തിൽ സമർപ്പിക്കേണ്ടതാണെന്ന് ഇതിനാൽ ഉത്തരവാകുന്നു.

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ആഫീസിൽ നേരിട്ട് പണമൊടുക്കി രസീതു വാങ്ങികൊണ്ട്

അല്ലെങ്കിൽ

2) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാൻറ് ഡ്രാഫ്റ്റായോ ബാങ്കേഴ്സ് ചെക്കായോ പേ ഓർഡറായോ

19/2/18

ഡോ. ദിലീപ് കുമാർ S R
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ
ഓഫീസർ

Draft #17 of File KMSCL/ADMN/1187/2016 Approved by State Public Information Officer on 19-Feb-2018 10:20 PM - Page 1